**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1661** **13-02-2025 - ൽ മറുപടിയ്ക്ക്**

**കോളേജ് അധ്യാപകരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോളേജുകളിൽ അധ്യാപക തസ്തികകൾ അധികമായി നിലനിൽക്കെ പല വിഷയങ്ങളിലെയും അധ്യാപക ഒഴിവുകൾ പി.എസ്.സിയിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ കാരണം വ്യക്തമാക്കാമോ; ഏതെല്ലാം വിഷയങ്ങളിലാണ് ഇങ്ങനെ റിപ്പോർട്ട് ചെയ്തതെന്ന് വിശദമാക്കാമോ; | (എ) | അധിക അധ്യാപക തസ്തികകൾ നില നിൽക്കുന്ന വിഷയങ്ങളിൽ അധിക തസ്തികകൾക്ക് ഉപരിയായി വിരമിക്കൽ, ഡെപ്യൂട്ടേഷൻ എന്നിവ മൂലം ഉണ്ടാകുന്ന ഒഴിവുകൾ കേരള പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി അനുസരിച്ചും ഒഴിവ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വിഷയം, റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, റിപ്പോർട്ട് ചെയ്ത തീയതി, ഒഴിവു വന്ന തീയതി എന്നിവ വ്യക്തമാക്കാമോ; | (ബി) | അധിക അധ്യാപക തസ്തികകൾ നില നിൽക്കുന്ന വിഷയങ്ങളിൽ അധിക തസ്തികകൾക്ക് ഉപരിയായി വിരമിക്കൽ, ഡെപ്യൂട്ടേഷൻ എന്നിവ മൂലം ഉണ്ടാകുന്ന ഒഴിവുകൾ കേരള പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി അനുസരിച്ചും ഒഴിവ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കോളേജ് അധ്യാപകരുടെ ജോലിഭാരവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലുള്ള എച്ച് ഇ ഡി എൻ -എഫ് 2 /173/2024-എച്ച് ഇ. ഡി. എൻ. നമ്പർ ഫയലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | നാലു വർഷ ബിരുദ കോഴ്സ് (FYUGP) നടത്തിപ്പുമായി ബന്ധപ്പെട്ട് കോളേജ് അധ്യാപകരുടെ പ്രവർത്തി സമയം, ജോലിഭാരം, മറ്റ് ഇതര വിഷയങ്ങൾ എന്നിവ നിശ്ചയിക്കുന്നത് സംബന്ധിച്ച് കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ റീഫോം ഇംപ്ലിമെന്റേഷൻ സെല്ലിന്റെ ശിപാർശയിന്മേൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ഉൾക്കൊള്ളുന്നതാണ് പ്രസ്തുത ഫയലിലെ വിഷയം. പ്രസ്തുത ഫയൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | പിജി വെയ്റ്റേജ് എടുത്തുമാറ്റിയ സർക്കാർ ഉത്തരവിനനുസരിച്ച് കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ അധിക അധ്യാപക തസ്തികകൾ എത്രയാണെന്നുള്ള കണക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ യൂനിവേഴ്സിറ്റികളിലെയും അധിക | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | തസ്തികകൾ എത്രയാണെന്ന് വിഷയാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | | |
| (ഇ) | പ്രസ്തുത ഉത്തരവ് കോളേജുകളിൽ നടപ്പിലാക്കിയതുപോലെ യൂണിവേഴ്സിറ്റികളിൽ എന്തുകൊണ്ട് നടപ്പിലാക്കുന്നില്ല എന്നറിയിക്കുമോ; ഈ ഉത്തരവ് ഇറങ്ങിയതിന് ശേഷം ഏതെല്ലാം യൂണിവേഴ്സിറ്റികളിൽ ഏതെല്ലാം വിഭാഗത്തിൽ എത്ര അധ്യാപകരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ? | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നമ്പർ | വിഷയം | റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം | റിപ്പോർട്ട് ചെയ്ത തീയതി | ഒഴിവ് വന്ന തീയതി |
|---|---|---|---|---|
| 1 | ഹിന്ദി | 2 | 30.11.2024 | 1) 01.05.2024<br>2) 01.06.2024 |
| 2 | പൊളിറ്റിക്കൽ സയൻസ് | 1 | 09.02.2025 | 16.03.2024 |
| 3 | സംസ്കൃതം ജനറൽ | 1 | 12.12.2024 | 17.03.2020 |
| 4 | ഹിസ്റ്ററി | 1 | 30.07.2021 | 01.02.2021 |